# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1691      04/10/2016-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.മീറ്ററുകൾ

<table>
<tr><td></td><td>ചോദ്യം<br><br>ശ്രീ.ഡി.കെ.മുരളി</td><td></td><td>ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി)</td></tr>
<tr><td>(എ)</td><td>കെ.എസി.ഇ.ബി.മീറ്ററുകൾ വാങ്ങുന്നത് എവിടെ നിന്നാണെന്നും ഒരു മീറ്ററിന് എത്ര വില വരുമെന്നും അറിയിക്കുമോ;</td><td>(എ)</td><td>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇപ്പോൾ മീറ്ററുകൾ വാങ്ങുന്നത് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നാണ്.
<table>
<tr><th>ക്രമ നമ്പർ</th><th>മീറ്റർ (ഇനം)</th><th>സ്ഥാപനം</th><th>ആകെ വില (ഒരെണ്ണം) (രൂപ)</th></tr>
<tr><td>1</td><td>സിംഗിൾ ഫേസ് മീറ്റർ</td><td>ലാൻഡിസ് + ഗിർ, കൊൽക്കത്ത</td><td>588.63</td></tr>
<tr><td>2</td><td>ത്രീ ഫേസ് മീറ്റർ</td><td>(എ) ജനസ് പവർ ഇൻഫ്രാസ്ട്രക് ചേർസ്</td><td>1708.77</td></tr>
<tr><td></td><td></td><td>(ബി) ലാർസൻ & ടൂബ്രോ ലിമിറ്റഡ്, ബാംഗ്ലൂർ</td><td>1710.89</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പുതിയ മീറ്റർ വാങ്ങുന്നതിനും കേടായത് മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും ഉപഭോക്താവ് ചെയ്യേണ്ട നടപടി ക്രമങ്ങൾ വിശദമാക്കുമോ;</td><td>(ബി)</td><td>Kerala Electricity Supply Code 2014 ചട്ടം 105 പ്രകാരം ഉപഭോക്താവിന് നേരിട്ട് അംഗീകൃത vendor-ൽ നിന്ന് മീറ്റർ വാങ്ങുകയോ അല്ലെങ്കിൽ ലൈസൻസിയോട് മീറ്റർ നൽകാൻ ആവശ്യപ്പെടുകയോ ചെയ്യാ</td></tr>
</table>

| | | | |
|---|---|---|---|
| | | | വുന്നതാണ്. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ന്യായമായ വിലയ്ക്ക് ടെസ്റ്റ് ചെയ്ത സിംഗിൾ ഫേസ് എനർജി മീറ്ററുകൾ 25 ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളോടനുബന്ധിച്ചുള്ള ഔട്ട്ലെറ്റുകൾ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഔട്ട്ലെറ്റുകൾ വഴി മീറ്റർ വാങ്ങുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തുകയാണെങ്കിൽ അതാത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാർ നല്കുന്ന രേഖ സഹിതം ഔട്ട്ലെറ്റുകളെ സമീപിക്കാവുന്നതാണ്. ഇപ്രകാരം നല്കുന്ന മീറ്റർ വാറന്റി കാലയളവിൽ കേടാണ് എന്ന് കണ്ടാൽ അസിസ്റ്റന്റ് എഞ്ചിനീയറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേടായ മീറ്ററിന് പകരം പുതിയ മീറ്റർ ഉപഭോക്താവിനോ/ ടി സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറിനോ കമ്പനി നൽകുന്നതാണ്. ഉപഭോക്താവിന് സമ്മതമാണെങ്കിൽ ബോർഡ് നൽകിയ മീറ്ററുകൾ പിന്നീട് കേടായാൽ അവ മാറ്റുന്നതിനും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | കെ.എസ്.ഇ.ബി. ഓഫീസുകളിൽ മീറ്ററുകൾ ഉപഭോക്താവിന് നേരിട്ട് നൽകുന്ന രീതി നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ സമ്പ്രദായം പിൻവലിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ